"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ്- കോട്ടയം ജില്ലയിലെ കൊടുങ്ങ ആർ. ശങ്കർ മെമ്മോറിയൽ യു.പി സ്കൂൾ കൊടുങ്ങയിലെ മാനേജർ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 3915/2021 മേലുള്ള വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.918/2022/GEDN തീയതി,തിരുവനന്തപുരം, 18-02-2022

---

പരാമർശം:-

1. ആർ.ശങ്കർ മെമ്മോറിയൽ യു.പി സ്കൂൾ കൊടുങ്ങയിലെ മാനേജർ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 3915/2021 മേലുള്ള 05/03/21 ലെ വിധിന്യായം
2. 14/01/2022 ലെ ഈരാറ്റുപേട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഡി/901/2021 നമ്പർ കത്ത്.
3. 15/01/2022 ലെ കാഞ്ഞിരപ്പള്ളി ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ബി1/7324/2019 നമ്പർ കത്ത്.
4. 17/01/2022 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ വി.ബി(1)/370221/2022/ഡി.ജി.ഇ നമ്പർ കത്ത്.
5. 17/01/2022 ലെ കോട്ടയം വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ ബി5/3179/2021 നമ്പർ കത്ത്.
6. സ.ഉ.(സാധാ) നം. 3177/2021/പൊ.വി.വ തീയതി 28/06/2021

**<u>ഉത്തരവ്</u>**

കോട്ടയം ജില്ലയിലെ കൊടുങ്ങ ആർ. ശങ്കർ മെമ്മോറിയൽ യു.പി സ്കൂൾ കൊടുങ്ങയിലെ മാനേജർ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 3915/2021 മേലുള്ള പരാമർശം 1 ലെ വിധിന്യായത്തിൽ ഹർജിക്കാരൻ ഫയൽ ചെയ്തിട്ടുള്ള Ext. P6 റിവിഷൻ ഹർജി, ഹർജിക്കാരനെയും 5-ാം എതിർ കക്ഷിയേയും നേരിൽ കേട്ടതിനു ശേഷം 3 മാസത്തിനകം തീർപ്പാക്കാൻ ഒന്നാം എതിർ കക്ഷി സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു. അതിൻ പ്രകാരം 18/01/2022 തീയതിയിൽ വീഡിയോ കോൺഫറൻസ് മുഖേന ഹിയറിംഗ് നടത്തിയെങ്കിലും ഹർജിക്കാരനായ സ്കൂൾ മാനേജർ ഹാജരായില്ല. 5-ാം എതിർകക്ഷിയുടെ അംഗീകൃത നോമിനിയേയും മറ്റു ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരെയും നേരിൽ കേട്ടു.

2. Ext. P6, എന്നത് 11/11/2020 ൽ മാനേജർ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജിയാണ്. എന്നാൽ ഇതേ വിഷയത്തിൽ മാനേജർ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം.26182/2020 മേലുള്ള 26/11/2020 ലെ വിധിന്യായത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മാനേജർ സർക്കാരിൽ സമർപ്പിച്ച 11/11/2020 ലെ ഇതേ റിവിഷൻ ഹർജി തീർപ്പാക്കാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 28/01/2021 തീയതിയിൽ ഹർജിക്കാരനേയും മറ്റു ബന്ധപ്പെട്ട കക്ഷികളേയും നേരിൽ കേട്ടതിനുശേഷം 11/11/2020 ലെ മാനേജരുടെ റിവിഷൻ ഹർജി തീർപ്പാക്കി 28/6/2021 ലെ G.O.(Rt) No. 3177/2021/GEDN പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. റിട്ട് ഹർജി 26182/2020 മേലുള്ള 26/11/2020 ലെ വിധിന്യായത്തിൽ തീർപ്പുകൽപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ള Ext. P7 റിവിഷൻ ഹർജിയും നിലവിലെ കേസിൽ തീർപ്പുകൽപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ള Ext.P6 റിവിഷൻ ഹർജിയും ഒന്നുതന്നെയാണ്. (Revision petition

dated 11/11/2020). 5-ാം എതിർകക്ഷിയ്ക്ക് സംരക്ഷണത്തിന് അർഹതയുള്ളതിനാൽ ടിയാനെ BRC യിൽ C R C കോർഡിനേറ്ററായി പുനർവിന്യസിച്ചിട്ടുണ്ടെന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഹിയറിംഗിൽ അറിയിച്ചിട്ടുണ്ട്.

3. Ext. P6 റിവിഷൻ ഹർജി, 28/6/2021 ലെ G.O.(Rt) No. 3177/2021/GEDN പ്രകാരം മുൻപ് തന്നെ തീർപ്പാക്കിയിട്ടുള്ള സാഹചര്യത്തിൽ WP(C) No 3915/2021 മേലുള്ള പരാമർശം 1 ലെ വിധിന്യായം പാലിച്ചിരിക്കുന്നു.

ഇപ്രകാരം WP(C) No 3915/2021 മേലുള്ള പരാമർശം 1 ലെ വിധിന്യായം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജ്യോതിലക്ഷ്മി എൽ
അണ്ടർ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഈരാറ്റുപേട്ട

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കാഞ്ഞിരപ്പള്ളി

വിദ്യാഭ്യാസ ഉപ ഡയറക്ടർ, കോട്ടയം

മാനേജർ, ആർ ശങ്കർ മെമ്മോറിയൽ യു.പി.സ്കൂൾ, കൊടുങ്ങ, കോട്ടയം.

ബിപിൻ ചന്ദ്രൻ, സംസ്കൃതം ടീച്ചർ, ആർ ശങ്കർ മെമ്മോറിയൽ യു.പി.സ്കൂൾ, കൊടുങ്ങ, കോട്ടയം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

**Signed by Mini.t.r.**
**Date: 18-02-2022 12:42:29**
സെക്ഷൻ ഓഫീസർ